D5/284/24/JCTE

സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയം,
കൈമനം,തിരുവനന്തപുരം.
25.04.2024

## വിജ്ഞാപനം നമ്പർ :51 /ഓഗസ്റ്റ് 2024

വിഷയം: കെ.ജി.സി.ഇ. ഫൈൻ ആർട്സ് & ആനിമേഷൻ പരീക്ഷ 2024 ഓഗസ്റ്റ് (2015 റിവിഷൻ സപ്ലിമെന്ററി ,2019 റിവിഷൻ റെഗുലർ &സപ്ലിമെന്ററി )-പരീക്ഷ ഫീസ് അടക്കുന്നതുമായി ബന്ധപ്പെട്ട് .

സൂചന : 1) 24/08/2020 തീയതിയിലെ സ.ഉ.(സാധാ)നം.1077/2020/ഉ.വി.വ.
2) 06/09/2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.311/2019 ഉ.വി.വ.

1. കെ.ജി.സി.ഇ. (ഫൈൻ ആർട്സ് & ആനിമേഷൻ) പരീക്ഷ മേൽ വിജ്ഞാപന പ്രകാരം സാങ്കേതിക പരീക്ഷ കൺട്രോളർ നടത്തുന്നതായിരിക്കും.
2. പരീക്ഷ കേന്ദ്രങ്ങൾ താഴെ പറയുന്നവ ആയിരിക്കും.

**എ) ഗവ. വനിതാ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം.**

**ബി) ഗവ. വനിതാ പോളിടെക്നിക് കോളേജ്, കളമശ്ശേരി.**

**സി) കേരള ഗവ. പോളിടെക്നിക് കോളേജ്, കോഴിക്കോട്.**

**ഡി) ഗവ. ഐ.പി.ടി. & ജി.പി.ടി.സി. ഷൊർണൂർ.**

3. പ്രായോഗിക പരീക്ഷകൾ തിയറി പരീക്ഷകൾക്കൊപ്പമോ തിയറി പരീക്ഷകൾ അവസാനിച്ച ഉടനെയോ നടത്തുന്നതാണ്.
4. പരീക്ഷ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ പ്രിൻസിപ്പൾമാർ പരീക്ഷയുടെ ചീഫ് സൂപ്രണ്ട്മാരായിരിക്കും. യാതൊരു കാരണവശാലും ചുമതലകളിൽ നിന്നും ഒഴിവാക്കപ്പെടുന്നതല്ല.

പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ

5. പൊതുപരീക്ഷ കമ്മീഷണർ നടത്തുന്ന പത്താംക്ലാസ്സ് പരീക്ഷ അല്ലെങ്കിൽ തുല്യമായ പരീക്ഷയിൽ പങ്കെടുക്കണം എന്നതാണ് പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത
6. പരീക്ഷാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള ഫൈൻ ആർട്സ് സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കി സാങ്കേതിക പരീക്ഷാ കൺട്രോളറിൽ നിന്നും പെർമനന്റ് രജിസ്റ്റർ നമ്പർ നേടിയവരായിരിക്കണം.

Draft #6 of File D5/284/24/JCTE Approved by Joint Controller of Technical Examinations on 25-Apr-2024 11:22 AM - Page 1

Draft #6 of File D5/284/24/JCTE Approved by Joint Controller of Technical Examinations on 25-Apr-2024 11:22 AM - Page 2

7. വർഷത്തിൽ ഒരു പരീക്ഷ മാത്രം നടത്തുന്നതായിരിക്കും.
8. ഒന്നും രണ്ടും വർഷങ്ങളിലെ എല്ലാ വിഷയങ്ങളും വിജയിക്കുന്ന പരീക്ഷാർത്ഥികൾക്ക് സാങ്കേതിക പരീക്ഷാ വിഭാഗം ജോയിൻറ് കൺട്രോളർ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
9. 06/09/2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.311/2019 ഉ.വി.വ. എന്ന സർക്കാർ ഉത്തരവ് അനുസരിച്ചുള്ള പരീക്ഷാ ഫീസ്.

| | |
|---|---|
| എല്ലാ തിയറി പരീക്ഷകൾക്കും കൂടി | 660/- |
| പ്രായോഗിക പരീക്ഷ ഓരോന്നിനും പരീക്ഷാ കേന്ദ്രത്തിൽ അടക്കേണ്ട അധിക ഫീസ് | 170/- |
| തിയറി/പ്രായോഗിക പരീക്ഷയുടെ സപ്ലിമെന്ററി പരീക്ഷക്ക് ഓരോന്നിനും | 170/- വീതം |
| തിയറി/പ്രായോഗിക പരീക്ഷയുടെ ഫീസ് അടക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202-02-101-98 Examination Fees |

പരീക്ഷാ ഫീസ് സ്ഥാപന മേധാവികൾ ശേഖരിച്ച് ട്രഷറിയിൽ അടച്ച് ഒറിജിനൽ ചെലാൻ ഓരോ വിദ്യാർത്ഥികളുടെയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പിഴയില്ലാതെ പരീക്ഷാഫീസ് അടക്കേണ്ട അവസാന തീയതി | 10/05/2024 |
| പ്രതിദിനം 30/- രൂപ പിഴയോടുകൂടി പരീക്ഷ ഫീസ് അടക്കേണ്ട അവസാന തീയതി | 15/05/ 2024 |
| 830/- രൂപ സൂപ്പർ ഫൈനോടുകൂടി പരീക്ഷാ ഫീസ് അടക്കേണ്ട അവസാന തീയതി | 18/05/2024 |

10. <u>അപേക്ഷ അയക്കേണ്ട വിധം</u>

സ്ഥാപന മേധാവികൾ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാ ഫീസും അപേക്ഷയും വാങ്ങി പരിശോധിച്ച് മേലൊപ്പ് വച്ച് ഒറിജിനൽ ചെലാൻ സഹിതം സാങ്കേതിക പരീക്ഷ കൺട്രോളറുടെ ഓഫീസിൽ 25/05/2024 ന് മുൻപായി എത്തിക്കേണ്ടതാണ്. ഫീസിൽ ഇളവുള്ള വിദ്യാർത്ഥികൾ ആയതിനുള്ള വ്യക്തമായ രേഖകളും സർറ്റിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11. പരീക്ഷ തീയതിയും സമയക്രമവും ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷയെ

സംബന്ധിക്കുന്ന എല്ലാ അറിയിപ്പുകളും ഔദ്യോഗിക വെബ്സൈറ്റായ www.tekerala.org എന്ന സൈറ്റിലെ നോട്ടീസ് ബോർഡിൽ ലഭ്യമാക്കുന്നതാണ്.

12. ഒറിജിനൽ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി താഴെ പറയും പ്രകാരം 0202-02-800-94-00 Other receipt എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടക്കേണ്ടതാണ്.

a) ഒറിജിനൽ സർട്ടിഫിക്കറ്റിന് അടക്കേണ്ട ഫീസ് - 315/-

b) ഒറിജിനൽ മാർക്ക് ലിസ്റ്റിന് അടക്കേണ്ട ഫീസ് - 140/-

പരീക്ഷാ ഫീസ് അടയ്ക്കുന്നതിനൊപ്പം തന്നെ സർട്ടിഫിക്കറ്റിനും ,മാർക്ക് ലിസ്റ്റിനും ഫീസ് അടയ്ക്കേണ്ടതാണ് .

13. പരീക്ഷാ ഫീസിനും , സർട്ടിഫിക്കറ്റ് & മാർക്ക് ലിസ്റ്റിനും ആയി പരാമർശിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെ സ്ഥാപന മേധാവികൾ ഫീസ് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും ഈ കാര്യാലയത്തിൽ ചെലാൻ സ്വീകരിക്കുന്നതല്ല .

14 . കെ .ജി .സി .ഇ . പരീക്ഷകൾക്ക് ഉള്ള വിജ്ഞാപനങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ പരീക്ഷയ്ക്കും ബാധകമായിരിക്കും.

സീമ കെ എൻ
ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ
എക്സാമിനേഷൻസ്

Approval Valid

Digitally Approved By

Draft #6 of File D5/284/24/JCTE Approved by Joint Controller of Technical Examinations on 25-Apr-2024 11:22 AM - Page 3

സീമ കെ എൻ

Date: 25.04.2024

Reason: Approved

Draft #6 of File D5/284/24/JCTE Approved by Joint Controller of Technical Examinations on 25-Apr-2024 11:22 AM - Page 4

The document is digitally approved. Hence signature is not needed.